# നബി(സ്വ)യുടെ നോമ്പ്

## ശൈഖ് അബ്ദുല്ല ബ്ൻ ജിബ്രീൻ

വിവ. ശമീർ മുണ്ടേരി

അല്ലാഹുവിന് മാത്രമാണ് സർവ്വ സ്തുതിയും. അന്ത്യ പ്രവാചകനിൽ അവന്റെ രക്ഷയും സമാധാനവും ഉണ്ടാകട്ടെ. നബി(സ്വ)യുടെ നോമ്പിന്റെ മര്യാദകളും പ്രാർത്ഥനകളും, റമദ്വാനിൽ പാലിക്കേണ്ട വിധിവിലക്കുകളുമാണ് വിശദീകരിക്കുന്നത്. ചെറുതും വലുതുമായ എല്ലാ കാര്യങ്ങളിലും നബിചര്യ പിന്തുടരാൻ മുസ്ലിംങ്ങൾക്ക് അല്ലാഹു തൗഫീഖ് നൽകട്ടെ. അവനാണ് തൗഫീഖ് നൽകുന്നവൻ.

**നോമ്പിന്റെ നിർവചനം**

പ്രഭാതോദയം മുതൽ സൂര്യാസ്തമയം വരെ നോമ്പ് മുറിക്കുന്ന കാര്യങ്ങൾ ഉപേക്ഷിച്ച് കൊണ്ട് അല്ലാഹുവിന് ആരാധന ചെയ്യലാണ് അത്.

**റമദ്വാനിലെ നോമ്പ്**

ഇസ്ലാം കാര്യങ്ങളിൽ ഒന്നാണത്. നബി(സ്വ) പറഞ്ഞു, അഞ്ചു കാര്യങ്ങളിലാണ് ഇസ്ലാം നിലകൊള്ളുന്നത്. അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്നും മുഹമ്മദ്(സ്വ) അവന്റെ ദൂതനാണെന്നുമുള്ള സത്യ സാക്ഷ്യം, നമസ്ക്കാരം, സകാത്ത്, റമദ്വാനിലെ നോമ്പ്, ഹജ്ജ് എന്നിവയാണത്. (ബുഖാരി, മുസ്ലിം)

**നോമ്പും ജനങ്ങളും**

പ്രായപൂർത്തിയും സുബോധവും കഴിവുമുള്ള എല്ലാ മുസ്ലിമിനും നോമ്പ് നിർബന്ധമാണ്. അവിശ്വാസിക്ക് നോമ്പില്ല. പ്രായപൂർത്തിയാകാത്ത ചെറിയ കുട്ടികൾക്ക് നോമ്പ് നിർബന്ധമില്ല. ഭ്രാന്തനും നോമ്പ് നിർബന്ധമില്ല. വൃദ്ധന് നോമ്പ് നിർബന്ധമില്ല, പ്രായം കൊണ്ട് പ്രയാസമനുഭവിക്കുന്ന നോമ്പ് നോൽക്കാൻ സാധിക്കാത്ത ആളുകൾ ഇതിൽ ഉൾപ്പെടും.

രോഗിക്ക് നോമ്പ് നിർബന്ധമില്ല. നോമ്പ് നോറ്റാൽ രോഗം വർദ്ധിക്കും എന്നുള്ള രോഗിക്ക് നോമ്പ് ഒഴിവാക്കാം പിന്നീട് നോറ്റ് വീട്ടണം.

ഗർഭിണിയും മുലയൂട്ടുന്നവളും. തന്റെ ഗർഭത്തെ കുറിച്ചോ കുട്ടിയെ കുറിച്ചോ ഭയമുണ്ടെങ്കിൽ അവർക്ക് നോമ്പ് ഒഴിവാക്കാം. പിന്നീട് നോറ്റു വീട്ടിയാൽമതി.

നോമ്പ് മുറിക്കാൻ നിർബന്ധിതനാവുന്നവൻ. അപകടങ്ങളിൽ പെടുന്നവരെ രക്ഷപ്പെടുത്താൻ വേണ്ടി നോമ്പ് ഒഴിവാക്കാം. പിന്നീട് നോറ്റ് വീട്ടണം. യാത്രക്കാർക്കും നോമ്പ് ഒഴിവാക്കാം. യാത്രക്കാരന് വേണമെങ്കിൽ നോമ്പ് നോൽക്കാം ഒഴിവാക്കാം. പിന്നീട് നോറ്റു വീട്ടണം.

ആർത്തവകാരിയും പ്രസവരക്തമുള്ളവളും. അവർ നോമ്പ് ഒഴിവാക്കണം. അവർ നോമ്പ് എടുത്താൽ പ്രതിഫലം ലഭിക്കുകയില്ല, പിന്നീട് നോറ്റു വീട്ടണം.

**നോമ്പിന്റെ വിധികൾ**

1. നിയ്യത്ത്

നിർബന്ധ നോമ്പിൽ പ്രഭാതോദയത്തിനു മുമ്പ് തന്നെ നിയ്യത്ത് അനിവാര്യമാണ്. നിർബന്ധ നോമ്പ് സ്വീകരിക്കപ്പെടാനുള്ള നിബന്ധനയാണ് നിയ്യത്ത്. ആചാരങ്ങളിൽ നിന്ന് ആരാധനാകർമ്മങ്ങളെ വ്യത്യസ്തമാക്കുന്നത് നിയ്യത്താണ്. നബി(സ്വ) പറഞ്ഞു

പ്രഭാതത്തിന് മുമ്പ് നിയ്യത്ത് എടുക്കാത്തവന് നോമ്പില്ല (അബൂദാവൂദ്) നോമ്പ് എടുക്കണമെന്ന് രാത്രി തന്നെ തീരുമാനിക്കാത്തവന് നോമ്പില്ല. (നസാഈ)

2. നോമ്പിന്റെ സമയം

എല്ലാ ദിവസത്തെയും നോമ്പിന്റെ തുടക്കവും ഒടുക്കവും അല്ലാഹു തീരുമാനിച്ചിട്ടുണ്ട്. അല്ലാഹു പറഞ്ഞു, നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുക; പുലരിയുടെ വെളുത്ത ഇഴകൾ കറുത്ത ഇഴകളിൽ നിന്ന് തെളിഞ്ഞ് കാണുമാറാകുന്നത് വരെ. എന്നിട്ട് രാത്രിയാകും വരെ നിങ്ങൾ വ്രതം പൂർണ്ണമായി അനുഷ്ഠിക്കുകയും ചെയ്യുക. (അൽബഖറ 187) ഫജ്ർ മുതൽ സൂര്യൻ അസ്തമിക്കുന്നത് വരെയാണ് നോമ്പിന്റെ സമയം.

3. അത്താഴം.

നബി(സ്വ) പറഞ്ഞു, നമ്മുടെ നോമ്പും വേദക്കാരുടെ നോമ്പും തമ്മിലുള്ള വ്യത്യാസം അത്താഴം കഴിക്കലാണ്. (മുസ്ലിം) അത്താഴത്തിൽ ബർകത്ത് ഉണ്ട് എന്ന് അദ്ദേഹം പറഞ്ഞു. അത് ഉപേക്ഷിക്കുന്നത് നല്ലതല്ല. കാരണം അത് നബി ചര്യയെ പിന്തുടരലാണ്. മാത്രമല്ല അത് നോമ്പിനെ ശക്തിപ്പെടുത്തും. നബി(സ്വ) പറഞ്ഞതു പോലെ അത് അനുഗ്രഹീതമായ ഭക്ഷണമാണ്. നബി(സ്വ) പറഞ്ഞു, അനുഗ്രഹീതമായ ഭക്ഷണമാണ് അത്താഴം. അത് നിങ്ങൾ ഉപേക്ഷിക്കരുത്. ഒരിറക്ക് വെള്ളമെങ്കിലും കുടിക്കുക. തീർച്ചയായും അത്താഴം കഴിക്കുന്നവരുടെമേൽ അല്ലാഹുവിന്റെ രക്ഷയുണ്ടായിരിക്കുന്നതാണ്. മലക്കുകൾ അവരുടെ രക്ഷക്ക് വേണ്ടി പ്രാർത്ഥിക്കുന്നതാണ് (അഹമദ് റിപ്പോർട്ട് ചെയ്ത ഹസനായ ഹദീസ്) നബി(സ്വ) പറയുന്നു, ഈത്തപ്പഴം സത്യവിശ്വാസിയുടെ എത്ര നല്ല അത്താഴം. (അബൂദാവൂദ്) പുലരിക്ക് തൊട്ട് മുമ്പ് വരെ അത്താഴം വൈകിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ ചര്യ.

4. നോമ്പുകാരൻ നിർബന്ധമായും ഉപേക്ഷിക്കേണ്ടവ.

അസത്യം: നബി(സ്വ) പറഞ്ഞു, അസത്യവും അതനുസരിച്ചുള്ള പ്രവർത്തിയും ഉപേക്ഷിക്കാത്തവൻ ഭക്ഷണപാനീയങ്ങൾ ഉപേക്ഷിക്കണമെന്ന് അല്ലാഹുവിന് നിർബന്ധമില്ല. (ബുഖാരി)

മോശമായ വാക്ക്: നബി(സ്വ) പറഞ്ഞു, ഭക്ഷണ പാനിയങ്ങൾ ഉപേക്ഷിക്കൽ മാത്രമല്ല നോമ്പ്, മറിച്ച് മോശമായ സംസാരം ഒഴിവാക്കലാണ് അത്. നിന്നെ ഒരാൾ ചീത്ത പറഞ്ഞാൽ തീർച്ചയായും ഞാൻ നോമ്പുകാരനാണ് എന്നു പറയുക (ഇബ്നു ഖുസൈമ)

5. നോമ്പുകാരാന് അനുവദനീയമായവ

- ജനാബത്തു കുളി ബാങ്കിനു ശേഷം

ജനാബത്തുകാരനാണെങ്കിൽ ബാങ്ക് കൊടുത്തിട്ട് കുളിക്കൽ അനുവദനീയമാണ്. ആയിശാ(റ) ഉദ്ധരിക്കുന്നു, നബി(സ്വ) ജനാബത്തു കാരനായിരിക്കെ ഫജ്ർ ആകാറുണ്ടായിരുന്നു. പിന്നെ അദ്ദേഹം കുളിച്ച് നോമ്പെടുക്കും (ബുഖാരി, മുസ്ലിം)

- പല്ലുതേക്കൽ

നബി(സ്വ) പറഞ്ഞു, എന്റെ സമുദായത്തിന് പ്രയാസമാകുമായിരുന്നില്ലെങ്കിൽ ഓരോ വുദ്വുവിനൊപ്പവും പല്ല് തേക്കാൻ ഞാൻ അവരോട് കൽപ്പിക്കുമായിരുന്നു. (ബുഖാരി, മുസ്ലിം) ഇവിടെ നബി(സ്വ) നോമ്പുകാരനെ ഒഴിവാക്കിയിട്ടില്ല. നോമ്പ്കാരനും അല്ലാത്തവനുമൊക്കെ ഓരോ വദ്വുവിനോടൊപ്പവും അല്ലാത്ത സമയത്തും പല്ല് തേക്കൽ നല്ലതാണെന്നതിന് തെളിവാണിത്.

- വായിൽ വെള്ളം കൊപ്ലിക്കലും മൂക്കിൽ വെള്ളം കയറ്റി ചീറ്റലും

നബി(സ്വ) നോമ്പുകാരൻ ആയിരിക്കെ വായിൽ വെള്ളം കൊപ്ലിക്കുകയും മൂക്കിൽ വെള്ളം കയറ്റി ചീറ്റുകയും ചെയ്യാറുണ്ടായിരുന്നു. എന്നാൽ അവ അമിതമാക്കുന്നത് അദ്ദേഹം വിലക്കി. അദ്ദേഹം പറഞ്ഞു നീ നോമ്പുകാരനല്ലെങ്കിൽ നന്നായി മൂക്കിൽ വെള്ളം കയറ്റി ചീറ്റുക. (അബൂദാവൂദ്)

- ചുംബനവും, ആലിംഗനവും

ആയിശാ(റ) പറഞ്ഞു, നബി(സ്വ) നോമ്പുകാരൻ ആയിരിക്കെ ചുംബിക്കാറുണ്ടായിരുന്നു, ആലിംഗനം ചെയ്യാറുമുണ്ടായിരുന്നു. എന്നാൽ അദ്ദേഹം നിങ്ങളുടെ കൂട്ടത്തിൽ ഏറ്റവും അധികം ആഗ്രഹം നിയന്ത്രിക്കുന്നവനായിരുന്നു. (ബുഖാരി, മുസ്ലിം) യുവാക്കൾ അങ്ങിനെ ചെയ്യുന്നത് നല്ലതല്ല. വൃദ്ധന്മാർക്ക് അങ്ങിനെയാവാം. നബി(സ്വ) പറഞ്ഞു തീർച്ചയായും വൃദ്ധന് സ്വയം നിയന്ത്രിക്കാൻ കഴിയും. (അഹമദ്)

- രക്തം ഒഴുക്കലും, ഇഞ്ചക്ഷനും.

അവ നോമ്പിനെ ബാധിക്കുയില്ല. കാരണം അവ പോഷണം നൽകുന്നതല്ല. ഉള്ളിലേക്ക് എത്തുകയുമില്ല. പല്ലു പറിക്കുന്നത് കൊണ്ട് നോമ്പ് മുറിയുകയില്ല.

- ഭക്ഷണം രുചിനോക്കൽ

ഇത് തൊണ്ടയിലേക്ക് എത്തരുത് എന്ന നിബന്ധനയുണ്ട്. അതു പോലെതന്നെയാണ് ടൂത്ത് പേസ്റ്റിന്റെ കാര്യവും. ഇബ്നു അബ്ബാസ്(റ)വിൽ നിന്ന്, നോമ്പുകാരൻ ആയിരിക്കെ തൊണ്ടയിൽ എത്താത്ത രൂപത്തിൽ സുർക്കയോ മറ്റോ രുചി നോക്കുന്നതിന് കുഴപ്പമില്ല. (ബുഖാരി)

- കണ്ണിൽ സുറുമയോ മരുന്നോ ഉപയോഗിക്കുക

അതിന്റെ രുചി തൊണ്ടയിൽ അനുഭവപ്പെട്ടാലും ഇല്ലെങ്കിലും നോമ്പ് മുറിയുകയില്ല. ഇമാം ബുഖാരി തന്റെ സ്വഹീഹിൽ പറഞ്ഞു, അനസ്(റ)വോ, ഹസ്സൻ(റ)വോ, ഇബ്രാഹിം(റ)വോ നോമ്പുകാരൻ സുറുമ ഉപയോഗിക്കുന്നത് കുറ്റമായി കണ്ടിരുന്നില്ല.

6. നോമ്പ് മുറിക്കൽ

- ധൃതി കാണിക്കുക

നബി(സ്വ)യുടെ ചര്യയിൽപെട്ടതാണ് നോമ്പ് തുറക്കാൻ ധൃതി കാണിക്കുക എന്നത്. ജൂത ക്രിസ്ത്യാനികളോട് എതിര് പ്രവർത്തിക്കലാണ് അത്. അവരത് വൈകിക്കുമായിരുന്നു. അവർ പിന്തിക്കുന്നതിന് കാരണമുണ്ടായിരുന്നു. നക്ഷത്രം പ്രത്യക്ഷപ്പെടാൻ വേണ്ടിയായിരുന്നു അത്. നബി(സ്വ) പറഞ്ഞു, നോമ്പ് മുറിക്കാൻ ധൃതികാണിക്കുന്നേടത്തോളം കാലം ജനങ്ങൾ നന്മയിൽ ആയിരിക്കും. (ബുഖാരി, മുസ്ലിം) നബി(സ്വ) പറഞ്ഞു, നോമ്പ് മുറിക്കാൻ നക്ഷത്രങ്ങളെ പ്രതീക്ഷിക്കാത്തിടത്തോളം കാലം എന്റെ സമുദായം എന്റെ ചര്യയിൽ ആയിരിക്കും. (ഇബ്നു ഹിബ്ബാൻ)

- മഗ്‌രിബ് നമസ്ക്കാരത്തിന്റെ മുമ്പ്

മഗ്‌രിബ് നമസ്ക്കാരത്തിന്റെ മുമ്പ് നോമ്പ് തുറക്കുക. അനസ്(റ) പറഞ്ഞു, നബി(സ്വ) നമസ്ക്കരിക്കുന്നതിന് മുമ്പ് നോമ്പ് മുറിക്കാറുണ്ടായിരുന്നു (അബൂദാവൂദ് റിപ്പോർട്ട് ചെയ്ത ഹസനായ ഹദീസ്)

- എന്തു കൊണ്ടാണ് നോമ്പ് തുറക്കുക

അനസ്ബ്നുമാലിക്ക്(റ) പറഞ്ഞു, നബി(സ്വ) നമസ്ക്കരിക്കുന്നതിനു മുമ്പ് പഴുത്ത ഈത്തപ്പഴം കൊണ്ട് നോമ്പ് മുറിക്കുമായിരുന്നു. അത് ലഭിച്ചില്ലെങ്കിൽ ഉണക്കക്കാരക്ക കൊണ്ടും അതുമില്ലെങ്കിൽ വെള്ളം കൊണ്ടുമാണ് നോമ്പ് തുറന്നിരുന്നത്.

- നോമ്പ് തുറക്കുമ്പോൾ പറയേണ്ടത്.

നോമ്പുകാരന് നോമ്പു തുറക്കുന്ന സമയത്ത് തള്ളപ്പെടാത്ത ഒരു പ്രാർത്ഥനയുണ്ട്. (ഇബ്നുമാജ) നബി(സ്വ) നോമ്പു തുറക്കുമ്പോൾ ഇങ്ങിനെ പ്രാർത്ഥിച്ചിരുന്നു.

ذَهَبَ الظَّمَأُ وَابْتَلَّتِ الْعَرُوقُ وَثَبَتَ الأَجْرُ إِنْ شَاءَ اللهُ

ദാഹം തീർന്നു, ഞരമ്പുകൾ നനഞ്ഞു, അല്ലാഹു ഉദ്ദേശിച്ചെങ്കിൽ പ്രതിഫലം സ്ഥിരപ്പെട്ടു (അബൂദാവൂദ്)

7. നോമ്പിനെ കുഴപ്പത്തിലാക്കുന്ന കാര്യങ്ങൾ

- മനപൂർവ്വം തിന്നുകയോ കുടിക്കുകയോ ചെയ്യുക.

അത് ഉപകാരമുള്ളതോ, പുകവലി പോലെ ഉപദ്രവമുള്ളതോ ആയാലും നോമ്പു മുറിയും. ഒരാൾ മറന്ന് കൊണ്ടോ നിർബന്ധിതാവസ്ഥയിലോ അങ്ങിനെ ചെയ്താൽ കുഴപ്പമില്ല. നബി(സ്വ) പറഞ്ഞു, ഒരാൾ മറന്ന് തിന്നുകയോ കുടിക്കുകയോ ചെയ്താൽ അവൻ അവന്റെ നോമ്പ് പൂർത്തിയാക്കട്ടെ. തീർച്ചായായും അവനെ ഭക്ഷിപ്പിക്കുകയും കുടിപ്പിക്കുകയും ചെയ്തത് അല്ലാഹുവാണ് (ബുഖാരി, മുസ്ലിം)

- മനപൂർവ്വം ഛർദ്ദി വരുത്തൽ

ആമാശയത്തിലുള്ളത് വായിലൂടെ പുറത്ത് കൊണ്ടു വരലാണത്. ആരെയെങ്കിലും ഛർദ്ദി അധീനപ്പെടുത്തിയാൽ അവൻ നോമ്പ് വീട്ടേണ്ടതില്ല. മനപൂർവ്വം ഛർദ്ദി വരുത്തിയതാണെങ്കിൽ അവൻ വീട്ടട്ടെ (അബൂദാവൂദ്)

- സംയോഗം

നോമ്പുകാരൻ റമദ്വാനിന്റെ പകലുകളിൽ സംയോഗത്തിലേർപ്പെട്ടാൽ നോറ്റു വീട്ടൽ നിർബന്ധമാണ്. അതോടൊപ്പം പ്രായശ്ചിത്തവുമുണ്ട്, അടിമയെ മോചിപ്പിക്കലാണ് അത്. അതിനു സാധ്യമല്ലങ്കിൽ രണ്ടു മാസം തുടർച്ചയായി നോമ്പു നോൽക്കണം. അതിനും സാധ്യമല്ലങ്കിൽ 60 അഗതികൾക്ക് ഭക്ഷണം നൽകണം.

- ഇഞ്ചക്ഷൻ

ശരീരത്തിന് പോഷണം ലഭിക്കുന്ന വസ്തുക്കൾ കുടലിലേക്കോ രക്തത്തിലേക്കോ എത്തിക്കലാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. ഇങ്ങിനെ ചെയ്താൽ നോമ്പു മുറിയും. കാരണം അത് ഉള്ളിലേക്ക് എത്തുന്നുണ്ട്.

- ആർത്തവവും പ്രസവ രക്തവും.

പകലിന്റെ തുടക്കത്തിലോ ഒടുക്കത്തിലോ സ്ത്രീയിൽ നിന്ന് രക്തം വന്നാൽ നോമ്പ് മുറിയുന്നതാണ്. അത് പിന്നെ വീട്ടേണ്ടതാണ്. ആ സമയത്ത് നോമ്പ് നിഷിദ്ധമാണ്.

- ശുക്ളം പുറത്ത് വരിക

വികാരം, ആലിംഗനം, ചുംബനം എന്നിവ കാരണമായി ഉണർച്ചയിൽ ശുക്ളം പുറത്ത് വന്നാൽ നോമ്പ് മുറിയുന്നതാണ്. എന്നാൽ സ്വപ്നസ്ഖലനം മുഖേനയാണെങ്കിൽ നോമ്പ് മുറിയില്ല. കാരണം അത് നോമ്പുകാരൻ അറിയാതെയാണ് സംഭവിക്കുന്നത്.

- രക്തം കയറ്റൽ

നോമ്പുകാരന് രക്ത സ്രാവം മുഖേന നഷ്ടപ്പെട്ട രക്തത്തിനു പകരമായി രക്തം കയറ്റിയാൽ നോമ്പു മുറിയുന്നതാണ്.

8. നോറ്റു വീട്ടൽ

നോറ്റു വീട്ടാൻ ധൃതി കാണിക്കുന്നത് നല്ലതാണ്. വൈകിക്കരുത്, തുടർച്ചയായി വീട്ടണം എന്ന് നിർബന്ധമില്ല. നമസ്ക്കാരങ്ങൾ നഷ്ടപ്പെട്ട അവസ്ഥയിൽ ഒരാൾ മരിച്ചാൽ അത് മറ്റാരും വീട്ടേണ്ടതില്ല എന്ന കര്യത്തിൽ പണ്ഡിതന്മാർ ഏകാഭിപ്രായക്കാരാണ്. അതു പോലെ ഒരാൾക്ക് നോമ്പെടുക്കാൻ കഴിയുന്നില്ലെങ്കിൽ അയാളുടെ ജീവിതകാലത്ത് അതു മറ്റാരും വീട്ടേണ്ടതില്ല. പകരം ഓരോ ദിവസവും ഓരോ അഗതിക്ക് ഭക്ഷണം നൽകിയാൽ മതി. എന്നാൽ നോമ്പു കടമുണ്ടായിരിക്കെ മരിച്ചാൽ അയാൾക്ക് പകരം അയാളുടെ നോമ്പ് നോറ്റു വീട്ടണം. നബി(സ്വ) പറഞ്ഞു, നോമ്പു കടമുണ്ടായിരിക്കെ ആരെങ്കിലും മരിച്ചാൽ അവന് പകരമായി അവന്റെ വലിയ്യ് നോറ്റ് വീട്ടട്ടെ (ബുഖാരി, മുസ്ലിം)

9. നമസ്ക്കാരം ഉപേക്ഷിച്ചു കൊണ്ടുള്ള നോമ്പ്

ആരെങ്കിലും നമസ്ക്കാരം ഉപേക്ഷിച്ചു കൊണ്ട് നോമ്പെടുത്താൽ ഇസ്ലാം കാര്യങ്ങളിൽ തൗഹീദിന് ശേഷം ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് അവൻ ഉപേക്ഷിച്ചത്. നമസ്ക്കാരം ഉപേക്ഷിക്കുന്നിടത്തോളം കാലം അവന്റെ നോമ്പ് കൊണ്ട് യാതൊരു ഫലവുമില്ല. കാരണം നമസ്ക്കാരം മതത്തിന്റെ തൂണാണ്. നമസ്ക്കാരം ഉപേക്ഷിക്കുന്നവൻ കാഫിറാണെന്ന് വിധിക്കപ്പെടും.

കാഫിറിന്റെ യാതൊരു പ്രവർത്തനവും സ്വീകരിക്കപ്പെടുകയില്ല. നബി(സ്വ) പറഞ്ഞു, നമുക്കും അവിശ്വാസികൾക്കുമിടയിലുള്ള മറ നമസ്ക്കാരമാണ്. ആരെങ്കിലും അതുപേക്ഷിച്ചാൽ അവൻ കാഫിറായി. (അഹമദ്)

10. രാത്രി നമസ്ക്കാരം

നബി(സ്വ) റമദ്വാനിലെ രാത്രി നമസ്ക്കാരം ജമാഅത്തായി നിർവഹിച്ചു. പിന്നെ അത് മുസ്ലിം സമൂഹത്തിന് നിർബന്ധമാക്കപ്പെടുമോ എന്ന് ഭയന്ന് ഉപേക്ഷിച്ചു. അതിന്റെ റക്അത്തുകളുടെ എണ്ണം വിത്ർ കൂടാതെ എട്ടാണ്. ആയിശാ(റ) പറഞ്ഞു, നബി(സ്വ) റമദ്വാനിലോ അല്ലാത്ത കാലത്തോ പതിനൊന്നിൽ കൂടുതൽ നമസ്ക്കരിച്ചിട്ടില്ല. (ബുഖാരി, മുസ്ലിം)

11. ഫിത്വ്ർ സകാത്ത്

അത് നിർബന്ധമാണ്. ഇബ്നു ഉമർ(റ) പറഞ്ഞു, നബി(സ്വ) റമദ്വാനിലെ ഫിത്വർ സകാത്ത് ജനങ്ങൾക്ക് നിർബന്ധമാക്കി. (ബുഖാരി, മുസിം) മുസ്ലിംങ്ങളായ കുട്ടികൾക്കും വലിയവർക്കും പുരുഷന്മാർക്കും സ്ത്രീകൾക്കും സ്വതന്ത്രർക്കും അടിമകൾക്കും ഫിത്വർ സകാത്ത് നിർബന്ധമാണ്. തനിക്കും കുടുംബത്തിനും അന്നത്തെ ഭക്ഷണത്തിന് ആവശ്യമുള്ളതിൽ കൂടുതൽ ഉണ്ടെങ്കിൽ അവർ ഒരു സ്വാഅ് ഫിത്വർ സകാത്ത് കൊടുക്കണം. അവനവന്റെ നാട്ടിലെ പ്രധാന ഭക്ഷണമാണ് നൽകേണ്ടത്. ദരിദ്രർക്ക് നൽകലാണ് ഏറ്റവും ശ്രേഷ്ഠമായത്. പെരുന്നാൾ ദിവസം നമസ്ക്കാരത്തിന്റെ മുമ്പാണ് അത് നൽകേണ്ടത്. അതിന് ഒന്നോ രണ്ടോ ദിവസം മുമ്പും നൽകാം. എന്നാൽ പെരുന്നാളിന് ശേഷം നൽകൽ അനുവദനീയമല്ല.